# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ആഗസ്റ്റ് 20<br>**August 20** | **2019** |
|---|---|

*1193 ചിങ്ങം 4 ചൊവ്വ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**എസ്പിസി പ്രോജക്ടിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ സാമഗ്രികൾ വിതരണം ചെയ്തു**

ജില്ലയിലെ വിവിധ എസ്പിസി സ്കൂളുകളിൽ നിന്നും കേഡറ്റുകളുടെ സഹായത്തോടെ ജില്ലാ നോഡൽ ഓഫീസിന്റെ നേതൃത്വത്തിൽ സമാഹരിച്ച ദുരിതാശ്വാസ സാമഗ്രികൾ ദുരിതബാധിതർക്ക് വിതരണം ചെയ്തു. തിരുവല്ല, പുളിക്കീഴ്, കോയിപ്രം പോലീസ് സ്റ്റേഷനുകളുടെ പരിധിയിലെ വിവിധ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കേഡറ്റുകൾ നേരിട്ടാണ് ദുരിതാശ്വാസ സാമഗ്രികൾ വിതരണം ചെയ്തത്. ജില്ലാ പോലീസ് ആസ്ഥാനത്തുനിന്നും ദുരിതാശ്വാസ സാമഗ്രികളുമായി പുറപ്പെട്ട വാഹനം ജില്ലാ പോലീസ് മേധാവി ജി.ജയദേവ് ഫ്ളാഗ് ഓഫ് ചെയ്തു. ജില്ലാ നോഡൽ ഓഫീസർ പ്രദീപ് കുമാറിന്റെ നേതൃത്വത്തിൽ തട്ടേക്കാട്, കരീലമുക്ക്, മേപ്രാൽ, പൊടിയാടി, അമിച്ചകരി, പുളിക്കീഴ് തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ അവ വിതരണം ചെയ്തു. എസ്പിസി കേഡറ്റുകൾ, ഡ്രിൽ ഇൻസ്ട്രക്ടർമാർ, പുളിക്കീഴ്, തിരുവല്ല സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കാളികളായി.

(പിഎൻപി 2258/19)

**വന അദാലത്ത് നാളെ കോന്നി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ**

ജില്ലയിൽ വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതികൾക്ക് അടിയന്തര പരിഹാരം കാണുന്നതിന് നാളെ (22) കോന്നി ബ്ലോക്ക് പഞ്ചായത്ത്

ഹാളിൽ വനഅദാലത്ത് നടത്തും. വനം-വന്യജീവി വകുപ്പ് മന്ത്രി കെ.രാജു രാവിലെ 10ന് അദാലത്ത് ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി, എംഎൽഎമാരായ മാത്യു ടി.തോമസ്, രാജു എബ്രഹാം, വീണാജോർജ്, ചിറ്റയം ഗോപകുമാർ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പി.കെ.കേശവൻ, പി.സി.സി.എഫുമാരായ സുരേന്ദ്രകുമാർ, ദേവേന്ദ്രകുമാർ വർമ, ബെന്നിച്ചൻ തോമസ്, സതേൺ സർക്കിൾ സി.സി.എഫ് കെ.വിജയാനന്ദൻ, ജില്ലാ കളക്ടർ പി.ബി.നൂഹ്, സോഷ്യൽ ഫോറസ്ട്രി സതേൺ റീജിയൻ സി.എഫ് ഐ.സിദ്ദിഖ്, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ മധു, പ്രമാടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോബിൻ പീറ്റർ, ജില്ലാ പഞ്ചായത്തംഗം എലിസബത്ത് അബു, കോന്നി ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷ ലീല രാജൻ, പ്രമാടം ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ ആനന്ദവല്ലിയമ്മ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 2259/19)

## സൈനിക് സ്കൂൾ പ്രവേശനം

കഴക്കൂട്ടം സൈനിക് സ്കൂളിൽ 2020-21 അധ്യയന വർഷം ആൺകുട്ടികൾക്ക് ആറാം ക്ലാസിലേക്കും ഒമ്പതാം ക്ലാസിലേക്കും പ്രവേശനത്തിന് സെപ്തംബർ 23 വരെ അപേക്ഷിക്കാം. കൂടുതൽ വിവരം www.sainikschooltvm@nic.in എന്ന വെബ്സൈറ്റിൽ ലഭിക്കും. (പിഎൻപി 2260/19)

## പമ്പാമണൽ ഇ-ലേലം ചെയ്യുന്നു

കഴിഞ്ഞ വർഷം ആഗസ്റ്റിലു ായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞുകൂടിയതും പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ പമ്പ ഹിൽടോപ്പ്, ചക്കുപാലം എന്നീ സ്ഥലങ്ങളിൽ ശേഖരിച്ചിരിക്കുന്നതുമായ മണലിന്റെ ഇ-ലേലം ആഗസ്റ്റ് 30, സെപ്തംബർ 17, 30, ഒക്ടോബർ 10, 25 എന്നീ തീയതികളിൽ നടക്കും. 1000 ക്യുബിക് മീറ്റർ മണൽ വീതമുള്ള ഓരോ ലോട്ടുകളിലായാണ് ലേലം നടക്കുക. ആകെ 57 ലോട്ടുകളിലായി നടക്കുന്ന ലേലത്തിൽ 29 എണ്ണത്തിന്റെ ലേലം രാവിലെയും 28 എണ്ണത്തിന്റേത് ഉച്ചയ്ക്കുശേഷവും നടക്കും. കെട്ടിടനിർമാണ പ്രവർത്തികൾക്കും ലാൻസ്കേപ്പിംഗിനും ഈ മണൽ അനുയോജ്യമാണെന്ന് ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സാക്ഷ്യപ്പെടുത്തിയിട്ടു ്. രജിസ്ട്രേഷൻ, നിരതദ്രവ്യം കെട്ടിവെയ്ക്കൽ തുടങ്ങിയ ഇ-ലേല നടപടികൾക്ക് ഇതിനായി നിയോഗിച്ചിട്ടുള്ള ഏജൻസിയായ എം.എസ്.റ്റി.സി.യുമായി ബന്ധപ്പെടണം(ഫോൺ 0471 2529137). കൂടുതൽ വിവരം എം.എസ്.റ്റി.സി.യുടെ www.mstcecommerce.com എന്ന വെബ്സൈറ്റിലും റാന്നി വനം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോൺ നമ്പർ-04735-227558), ഗൂഡ്രിക്കൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് (ഫോൺ: 04735-279063) എന്നിവിടങ്ങളിലും ലഭിക്കും. (പിഎൻപി 2261/19)

## വർക്ഷോപ്പ് ഇൻസ്ട്രക്ടർ ഒഴിവ്

അടൂർ ഐഎച്ച്ആർഡി എഞ്ചിനീയറിംഗ് കോളേജിൽ വർക്ഷോപ്പ് ഇൻസ്ട്രക്ടർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷിക്കാം. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഫസ്റ്റ് ക്ലാസോടുകൂടിയ ത്രിവത്സര ഡിപ്ലോമയാണ് യോഗ്യത. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 26ന് രാവിലെ 10ന് കോളജിൽ ഹാജരാകണം. ഫോൺ: 04734 – 231995. (പിഎൻപി 2262/19)

## ഗസ്റ്റ് ട്രേഡ്സ്മാൻ

വെണ്ണിക്കുളം സർക്കാർ പോളിടെക്നിക്ക് കോളജിൽ കാർപന്ററി വിഭാഗത്തിൽ ഗസ്റ്റ് ട്രേഡ്സ്മാന്റെ ഒഴിവിലേക്ക് അപേക്ഷിക്കാം. ബന്ധപ്പെട്ട ട്രേഡിൽ ഐടിഐയാണ് യോഗ്യത. താത്പര്യമുള്ളവർ 26ന് രാവിലെ 11ന് കോളജ് ഓഫീസിൽ ഇന്റർവ്യൂവിന് ഹാജരാകണം.

(പിഎൻപി 2263/19)

## ശബരിമല: യോഗം ഇന്ന് (21)

തിരുവനന്തപുരം കോളജ് ഓഫ് എൻജിനീയറിംഗ് ആർക്കിടെക്ചർ വിഭാഗം തയാറാക്കിയ നിലയ്ക്കൽ ബേസ് ക്യാമ്പിന്റെ ഘടന സ്ഥിരീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ യോഗം ഇന്ന് (21) ഉച്ചയ്ക്ക് ശേഷം മൂന്നിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 2264/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ജില്ലാ പോലീസ് ആസ്ഥാനത്തുനിന്നും ദുരിതാശ്വാസ സാമഗ്രികളുമായി പുറപ്പെട്ട വാഹനം ജില്ലാ പോലീസ് മേധാവി ജി.ജയദേവ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.






# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 20<br>August 20 | 2019 |
|---|---|

*1193 ചിങ്ങം 4 ചൊവ്വ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജില്ലാ വികസന സമിതിയോഗം**

ജില്ലാ വികസന സമിതിയോഗം ഈ മാസം 31ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. (പിഎൻപി 2265/19)

**പ്രളയ പുനർനിർമ്മാണവും പുനരധിവാസവും;**
**പരിസ്ഥിതി സൗഹൃദപ്രവർത്തനങ്ങളുമായി ജില്ലാ ശുചിത്വമിഷൻ**

പ്രളയശേഷമുള്ള പുനർനിർമ്മാണവും പുനരധിവാസവും തികച്ചും പരിസ്ഥിതി സൗഹൃദമായിരിക്കണമെന്നു പ്രവർത്തിയിലൂടെ കാണിച്ചുതരുകയാണു ജില്ലാ ശുചിത്വമിഷൻ. പ്രളയമാലിന്യങ്ങൾ സാധാരണഗതിയിൽ കത്തിച്ചുകളയുകയോ ജലാശയങ്ങളിലേക്കു വലിച്ചെറിയുകയോ ഒഴിഞ്ഞ പ്രദേശങ്ങളിലേക്കു നിക്ഷേപിക്കുകയോ മണ്ണിട്ട് മൂടുകയോ ആണ് ചെയ്യുന്നത്. എന്നാൽ പ്രളയം ഏൽപ്പിച്ച ദുരന്തത്തിനു പുറമേ ഇനി ഒരു പാരിസ്ഥിതിക ദുരന്തം കൂടി താങ്ങാൻ കേരളത്തിനാകില്ലെന്നു ശുചിത്വമിഷൻ പറയുന്നു.
സ്വന്തം മാലിന്യം സ്വന്തം ഉത്തരവാദിത്വമാണ്. പ്രളയാനന്തരം അടിഞ്ഞുകൂടിയ മാലിന്യമാണെങ്കിലും ഇതു ശേഖരിച്ചു കൃത്യമായി ഔദ്യോഗിക സംവിധാനത്തിലേക്കു നൽകേ ഉത്തരവാദിത്വം ഓരോരുത്തർക്കുമുമുന്നു ശുചിത്വമിഷൻ ജില്ലാ കോഓർഡിനേറ്റർ സി.രാധാകൃഷ്ണൻ പറഞ്ഞു.

പ്രളയശേഷം വീടുകളിലേക്കു തിരിച്ചെത്തുന്നവർ വീട് വൃത്തിയാക്കുമ്പോൾ ഉ ാകുന്ന മാലിന്യങ്ങളെ ജൈവ-അജൈവ മാലിന്യങ്ങളായി തരംതിരിച്ചു ജൈവ മാലിന്യങ്ങളെ കുഴിയെടുത്തു കംപോസ്റ്റിംഗിനു വിധേയമാക്കണം. പ്ലാസ്റ്റിക്, ലെതർ, റബ്ബർ, ഗ്ലാസ്, ഇ-വേസ്റ്റ് തുടങ്ങിയ ജൈവ മാലിന്യങ്ങൾ പ്രത്യേകം ചാക്കുകളിലാക്കി കളക്ഷനു നൽകാനായി സൂക്ഷിക്കുക. പ്ലാസ്റ്റിക് ബോട്ടിലുകൾ, ലോഹ മാലിന്യങ്ങൾ, ഇ-വേസ്റ്റ് തുടങ്ങിയവ എളുപ്പത്തിൽ വേർതിരിക്കാൻ സാധിക്കും. ആവശ്യമെങ്കിൽ പ്രഷർ പമ്പുകൾ ഉപയോഗിച്ചു ചെളി ഒഴിവാക്കി പരാമവധി മാലിന്യങ്ങൾ തരംതിരിക്കാൻ കഴിയും. തരംതിരിച്ച മാലിന്യങ്ങൾ സ്ക്രാപ്പ് ഡീലൻമാർ മുഖേന കൈമാറുക. തരംതിരിക്കലിനു വോളന്റിയർമാരുടെ സേവനും പ്രയോജനപ്പെടുത്താം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മസേനയുടെ സഹായത്തോടെ ജൈവ മാലിന്യങ്ങൾ ശേഖരിച്ചു മെറ്റീരിയൽ കളക്ഷൻ സെന്ററുകളിലെത്തിച്ചു പരമാവധി തരംതിരിച്ചു സൂക്ഷിക്കണം. പ്രളയാനന്തരം ലഭിക്കുന്ന മാലിന്യങ്ങളിൽ നിന്നു പരമാവധി മനുഷ്യവിഭവ ശേഷി ഉപയോഗിച്ചു തരംതിരിക്കൽ പ്രവർത്തനം നടത്താൻ ഹരിതകർമ്മ സേനയ്ക്കു സാധിക്കും. തരംതിരിക്കലിനുശേഷം ഒരു തരത്തിലും കൈമാറാൻ സാധിക്കാൻ കഴിയാത്ത മാലിന്യം സാനിറ്ററി ലാൻഡ് ഫില്ലിംഗിനായി ക്ലീൻ കേരള കമ്പനിക്കു കൈമാറിയാൽ മതി. ഒരു തരത്തിലും വേർതിരിക്കാൻ സാധിക്കാത്ത മാലിന്യങ്ങൾ വളരെ കുറഞ്ഞ അളവിൽ മാത്രമേ സാനിറ്ററി ലാൻഡ് ഫിലിംഗിൽ ശാസ്ത്രീയമായി മണ്ണിട്ട് മൂടുന്നതിന് ഉപയോഗിക്കാവൂ എന്ന് ഹരിത കർമ്മസേന ഉറപ്പു വരുത്തണമെന്നും ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്റർ അറിയിച്ചു. (പിഎൻപി 2266/19)

## ജില്ലാ സംഭരണ കേന്ദ്രത്തിലേക്ക് അവശ്യ വസ്തുക്കൾ നൽകി

പ്രളയദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമായി അവശ്യവസ്തുക്കളുമായി ദക്ഷിണ കേരള ജനത്തുൾ മുആലിമീൻ മേഖല കമ്മിറ്റിയും കേരള മുസ്ലിം യുവജന ഫെഡറേഷനും കളക്ടറേറ്റിലെ സംഭരണ കേന്ദ്രത്തിലെത്തി. ജില്ലാ കളക്ടർ പി.ബി നൂഹിന് മേഖല പ്രസിഡന്റ് സൈനുദീൻ മൗലവി സാധനങ്ങൾ കൈമാറി. വസ്ത്രങ്ങൾ, അരി, വെള്ളം, സോപ്പ്, സാനിറ്ററി നാപ്കിൻ തുടങ്ങിയാണ് ജില്ലാ ഭരണകൂടത്തിൽ പ്രവർത്തിക്കുന്ന സംഭരണ കേന്ദ്രത്തിൽ എത്തിച്ചത്. ദക്ഷിണ കേരള ജനത്തുൾ മുആലിമീൻ മേഖല ജനറൽ സെക്രട്ടറി അബ്ദുൾ റഹിം മൗലവി, യുവജന ഫെഡറേഷൻ ജില്ലാ സെക്രട്ടറി മുഹമ്മദ് സാദിക്ക് മുസ്ലിയാർ, ട്രഷറർ മുഹമ്മദ് ഹുസ്സൈൻ മൗലവി, സെക്രട്ടറിമാരായ മുഹയുദിൻ മൗലവി, സക്കീർ ഹുസൈൻ മൗലവി തുടങ്ങിയവർ സന്നിഹിതരായിരുന്നു. (പിഎൻപി 2267/19)

## ഫയൽ അദാലത്ത്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 30ന് ജില്ലാ ഓഫീസിൽ ഫയൽ അദാലത്ത് നടത്തും. ക്ഷേമനിധി അംഗങ്ങൾ വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ അന്നേ ദിവസം മൂന്നിന് മുമ്പ് ഓഫീസിൽ ലഭ്യമാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. (പിഎൻപി 2268/19)

## ഫോട്ടോ അടിക്കുറിപ്പ്

2) പ്രളയദുരിതമനുഭവിക്കുന്നവർക്ക് വിതരണം ചെയ്യുന്നതിനായി കേരള ജനത്തുൾ മുആലിമീൻ മേഖല പ്രസിഡന്റ് സൈനുദീൻ മൗലവി ജില്ലാ കളക്ടർ പി.ബി.നൂഹിന് അവശ്യവസ്തുക്കൾ കൈമാറുന്നു.




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.